(*b*) † A statement showing the makes and prices is placed on the table.

(*c*) The purchases have been made as and when required after inviting competitive quotations. The price fixed by the Director General of Supplies for each and every type of Motor vehicles is not available for comparison. Further, as the purchases are made after inviting competitive quotations the question of comparing them with the prices fixed by the Director General of Supplies does not arise.

ശ്രീ. പി. വി. അവിരാത്തരകൻ : സ്റ്റോഴ്സ് പർച്ചേസ് ഡിപ്പാർട്ടുമെൻറിൽ ആഡിറ്റ നടക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നോട്ടീസുവേണം.

ശ്രീ. പി. വി. അവിരാത്തരകൻ : ഇതിൻെറ ആഡിറ്റിനെ സംബന്ധിച്ചു ഇൻഡ്യാഗവണ്മെൻറും കംപ്ട്രോളറമായി എഴുത്തുകുത്തുകൾ നടക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനും നോട്ടീസു വേണം.

എസ്റ്റേറ്റുസമരവും കൊലപാതകങ്ങളും.

*386. [13] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1955 ഫെബ്രുവരിക്കുശേഷം എസ്റ്റേറ്റുതൊഴിലാളി സമരങ്ങളോടനുബന്ധിച്ചു കൊലപാതകങ്ങൾ എന്തെങ്കിലും ഉണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) ഇവയെ സംബന്ധിച്ചു് ടെയിഡ്യൂണിയനുകളിൽനിന്നും എന്തെങ്കിലും നിവേദനങ്ങൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) ഉണ്ടു്.

(ബി) 1. ഹെലിബറിയ എസ്റ്റേറ്റ്, പീരുമേട്.

2. പ്രപ്പോസ് എസ്റ്റേറ്റ്, എരുമേലി.

3. പൊന്നൻചുണ്ടു് എസ്റ്റേറ്റ്.

(സി) ഇവയെ സംബന്ധിച്ചു ടെയിഡ്യൂണിയനുകളിൽനിന്നും നിവേദനങ്ങൾ കിട്ടിയതായി അറിവില്ല. എന്നാൽ പൊന്നൻചുണ്ടു് എസ്റ്റേറ്റിൽ ഉണ്ടായ സംഭവത്തെ സംബന്ധിച്ചു് ശ്രീ. എൻ. എൻ. പണ്ടാരത്തിൽ, എം. എൽ. എ., ശ്രീ. ആർ. ബാലകൃഷ്ണപിള്ള എം. എൽ. എ. എന്നിവരുടെ ഒരു സംയുക്ത മെമ്മോറാണ്ടം കിട്ടിയിട്ടുണ്ടു്.

† Please See Appendix I.

LIBRARY ARCHIVES Kerala Legislative Assembly

Page 1